തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# ഇരുപതാമത് അക്കാദമിക് കൗൺസിൽ യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, വാക്കാട് - 2018 നവംബർ 9**

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ) അദ്ധ്യക്ഷൻ
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ശ്രീ കെ.പി. രാമനുണ്ണി
4. ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ
5. ഡോ. പി. പവിത്രൻ
6. ഡോ. മോഹൻദാസ് യു.എ.
7. ഡോ. ഖദീജാ മുംതാസ്
8. ഡോ. എം. ശ്രീനാഥൻ
9. ഡോ. കെ.എം. ഭരതൻ
10. ഡോ. പി. സതീഷ്

ഇനം **1/20** | **പത്തൊമ്പതാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 1/20** പത്തൊമ്പതാമത് അക്കാദമിക് കൗൺസിൽ തീരുമാനങ്ങൾ അംഗീകരിച്ചു.

ഇനം **2/20** | **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

**തീരുമാനം 2/20** മുൻനടപടികളിലുള്ള തീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ വിശദീകരണം അംഗീകരിച്ചു.

ഇനം **3/20** | വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/20** വൈസ് ചാൻസലറുടെ റിപ്പോർട്ട് അംഗീകരിച്ചു. കോഴ്‌സുകളുടെ പുനഃസംഘടനയെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റി നൽകിയ റിപ്പോർട്ട് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ടെന്നും ഇരുപതാമത് അക്കാദമിക് കൗൺസിലിൽ ഈ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളണമെന്നും വൈസ് ചാൻസലർ അറിയിച്ചു.

ഇനം **4/20** | കോഴ്‌സുകളുടെ പുനഃസംഘാടനത്തിനായി രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട്

**തീരുമാനം 4/20** കോഴ്‌സുകളുടെ പുനഃസംഘടനാ ഉപസമിതി റിപ്പോർട്ട് വി.സി. യുടെ നിർദ്ദേശപ്രകാരം രജിസ്ട്രാർ ഇൻ ചാർജ് വായിച്ചവതരിപ്പിച്ചു. തുടർന്ന് വിശദമായ ചർച്ച നടന്നു. കൈക്കൊണ്ട തീരുമാനങ്ങൾ

## സംസ്കാരപൈതൃകം

1. സംസ്കാരപൈതൃക-ചരിത്രപഠന ഫാക്കൽറ്റി നിലനിർത്തുക
2. മലയാളവുമായി തുല്യത വരത്തക്ക വിധത്തിൽ ഒരു applied Malayalam Course ആയി സംസ്കാരപൈതൃകം എം.എ. കോഴ്‌സിനെ മാറ്റുക
3. എം.എ. മലയാളം (സംസ്കാരപൈതൃകം) എന്ന് സർട്ടിഫിക്കറ്റ് നൽകുക.
4. എം.എ. ഹിസ്റ്ററി ആന്റ് ഹെറിറ്റേജ് സ്റ്റഡീസ് എന്ന വകുപ്പ് എം.എ. ചരിത്രപൈതൃകം എന്ന് പുനർനാമകരണം ചെയ്ത് സർട്ടിഫിക്കറ്റ് നൽകുക. എം.എ. ചരിത്രത്തിനു തുല്യമായിരിക്കുമത് (ഒരു ഫാക്കൽറ്റിയിൽ രണ്ട് എം.എ. പ്രോഗ്രാമുകൾ) ഇതിനോടകം സംസ്കാരപൈതൃകപഠന കോഴ്‌സ് കഴിഞ്ഞിറങ്ങിയ 52 കുട്ടികൾ ഉണ്ട്. ഈ വിദ്യാർത്ഥികൾ എം.എ. മലയാളം/ ചരിത്രം എന്നിവയ്ക്ക് തുല്യമാകുന്ന തരത്തിൽ ഒരു തുല്യതാ പരീക്ഷ പാസാകേണ്ടി വരും. മലയാളസഹിത്യ ഫാക്കൽറ്റിയുമായി ഈ കോഴ്‌സിനെ ബന്ധിപ്പിക്കേണ്ടതില്ല. പക്ഷേ മലയാളം യു.ജി.സി. നെറ്റ്/ജെ.ആർ.എഫ്. മറ്റ് പരീക്ഷകൾ എന്നിവയിൽ ഈ വിദ്യാർത്ഥികൾക്കു മത്സരിക്കാൻ കഴിയുന്ന തരത്തിൽ തുല്യതയ്ക്കുവേണ്ടി സിലബസ് പരിഷ്കരിക്കേണ്ടതുണ്ട്. നിർവാഹകസമിതിയുടെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലർക്ക് ഇത് നടപ്പാക്കാം.

### തദ്ദേശവികസനപഠനം

കേരളമോഡലിന്റെ രണ്ടാംഘട്ടവുമായി പൊരുത്തപ്പെടുന്ന കോഴ്സായതിനാൽ അതു നിലനിർത്താൻ തീരുമാനിച്ചു. കോഴ്സ് ഇതുതന്നെ. പഴയ പേരു തന്നെ നിലനിർത്തണം. വികസനപഠനം (തദ്ദേശവികസനം) എന്നു പേരുമാറ്റുന്നതിനെ പഠനബോർഡ് ചെയർമാൻ ഡോ. എം.എ. ഉമ്മൻ അനുകൂലിച്ചിരുന്നു. പക്ഷേ വളരെ വ്യാപകമായി എതിർപ്പുകൾ ഉണ്ടായതിനാൽ വികസനപഠനത്തിന്റെ പേപ്പറുകൾ കൂടി ഉൾക്കൊള്ളിച്ച പുതിയ സിലബസ് പഴയപേരിൽ നടപ്പാക്കാൻ തീരുമാനിച്ചു. തദ്ദേശവികസനപഠനം എന്ന പേരിനു മാറ്റമില്ല.

### പരിസ്ഥിതിപഠനം

സോഷ്യൽ സയൻസ് ഫാക്കൽറ്റിയുടെ കീഴിൽ പരിസ്ഥിതിപഠനം കോഴ്സ്, പരിസ്ഥിതിപഠനം എം.എ. / എം.എസ്.സി എന്ന് പുനർനാമകരണം ചെയ്യുന്നു.

എം.എ. / എം.എസ്.സി കോഴ്സിന് ആർട്സ് / സയൻസ് ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനപ്പരീക്ഷയെഴുതാം. താൽപര്യമനുസരിച്ച് രണ്ടാം വർഷത്തിൽ എം.എ. അല്ലെങ്കിൽ എം.എസ്.സി. തിരഞ്ഞെടുക്കാം.

റിപ്പോർട്ടിൽ പൊതുവായി പറഞ്ഞ സ്ഥാനക്കയറ്റത്തിന് അപേക്ഷിക്കൽ, വകുപ്പു മേധാവിക്ക് റൊട്ടേഷൻ വ്യവസ്ഥ ഏർപ്പെടുത്തൽ,അക്കാദമിക് കലണ്ടർ ഏകീകരിക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പിലാക്കി കഴിഞ്ഞത് അംഗീകരിച്ചു.

## ഇനം 5/20 — സംസ്കാരപൈതൃകപഠനം - പിഎച്ച്.ഡി. സർട്ടിഫിക്കറ്റിൽ അന്തർവൈജ്ഞാനികം എന്നു രേഖപ്പെടുത്തുന്നതിനെപ്പറ്റിയുള്ള പഠനസമിതിയുടെ റിപ്പോർട്ട്

**തീരുമാനം 5/20** അംഗീകരിച്ചു.

## ഇനം 6/20 — എം.എ. വിദ്യാർത്ഥികളുടെ ഓപ്പൺ ഇലക്ടീവ് സംബന്ധിച്ച്

**തീരുമാനം 5/20** എം.എ. വിദ്യാർത്ഥികളുടെ ഓപ്പൺ ഇലക്ടീവ് സംബന്ധിച്ചുള്ള നിർദ്ദേശം ചർച്ച ചെയ്തു.

## ഇനം 7/20 — വകുപ്പദ്ധ്യക്ഷസ്ഥാനം കൈമാറുന്നത് - സംബന്ധിച്ച്.

**തീരുമാനം 5/20** സാഹിത്യവിഭാഗത്തിലെ പുതിയ അദ്ധ്യക്ഷനായി ഡോ. രാധാകൃഷ്ണനെ നിയമിച്ചത് അംഗീകരിച്ചു.

ഇനം
**8/20** | **മറ്റ് കാര്യങ്ങൾ**

1. നവോത്ഥാനവുമായി ബന്ധപ്പെട്ട് ഒരു ത്രിദിന സെമിനാർ നടത്തണം. സാഹിത്യ അക്കാദമിയുമായി സഹകരിച്ച് നടത്താൻ തീരുമാനിച്ചു. സാംസ്കാരിക വകുപ്പിന്റെ സഹായവും തേടാവുന്നതാണ്.
2. ഭരണഭാഷാ കോഴ്സ് / സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഡോ. പി. പവിത്രൻ നിർദ്ദേശിച്ചത് അംഗീകരിച്ചു.
3. ഫുട്ബോൾ വേൾഡ് കപ്പ് മലയാളം കമന്റേറ്റർ ഷൈജു ദാമോദരനെ ആദരിക്കണമെന്ന് തീരുമാനിച്ചു.
4. ഓപ്പൺ ഇലക്ടീവ് കോഴ്സ് സെമസ്റ്റർ 3 ൽ നടത്തുന്ന വിവിധ വകുപ്പുകൾക്ക് അംഗീകാരം നൽകി. ആ സിലബസ് അനുസരിച്ചുള്ള ഓപ്പൺ ഇലക്ടീവ് പരീക്ഷ ഇനി വരുന്ന സെമസ്റ്റർ പരീക്ഷയിൽ നടത്താവുന്നതാണ്.

യോഗം ഒരു മണിക്ക് അവസാനിച്ചു.

ഡോ. വി. അനിൽകുമാർ
വൈസ് ചാൻസലർ